# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.699 | 05/06/2018-ൽ മറുപടിക്ക്

### ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**,, സി.കെ.നാണു**<br>**,, കോവൂർ കുഞ്ഞുമോൻ**<br>**,, കെ.ബി.ഗണേഷ് കുമാർ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | കേരളത്തിലെ നദികളിൽ ലഭ്യമായതിൽ എത്ര ടി.എം.സി. ജലം ഇപ്പോൾ ജലവൈദ്യുത പദ്ധതികൾക്കായി ഉപയോഗിക്കുന്നുണ്ട്; | (എ) | 2015-16 ജലവർഷത്തെ അടിസ്ഥാനമാക്കി കഴിഞ്ഞ പത്തുവർഷത്തെ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പ്രതിവർഷം ഉദ്ദേശം 500 ടി.എം.സി.യോളം ജലം ജലവൈദ്യുത പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിൽ ശ്രേണികളായി പുനരുപയോഗം ചെയ്യപ്പെടുന്ന വിവിധ ജലവൈദ്യുത പദ്ധതികളിലെ ജല ഉപയോഗം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പാഴായിപ്പോകുന്ന ജലം ഉപയോഗിച്ച് കേരളത്തിൽ മൊത്തം എത്ര പുതിയ ജലവൈദ്യുത പദ്ധതികൾക്കുള്ള സാധ്യതകൾ വൈദ്യുതി വകുപ്പ് കണ്ടെത്തിയിട്ടുണ്ട്; ഇതിൽ എത്രയെണ്ണത്തിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്; എത്ര പദ്ധതികൾ കേന്ദ്ര പാരിസ്ഥിതികാനുമതി ലഭ്യമാക്കാൻ സമർപ്പിച്ചിട്ടുണ്ട്; | (ബി) | പാഴായിപ്പോകുന്ന ജലം ഉപയോഗിച്ച് കേരളത്തിൽ ഏകദേശം 126 പദ്ധതികളിലൂടെ 3638.2 മെഗാവാട്ട് (6583 മില്യൺ യൂണിറ്റ്) ലഭ്യമാക്കാൻ പര്യാപ്തമായ പദ്ധതികൾ ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 30 പദ്ധതികളുടെ DPR തയ്യാറാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച ഒരു ജലവൈദ്യുത പദ്ധതിയും ഇപ്പോൾ കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലില്ല.<br>കേരളത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും 700 മെഗാവാട്ടോളം ഉല്പാദന സാധ്യതയുണ്ടെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. വൻകിട പദ്ധതികൾക്കൊപ്പം ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും പ്രാധാന്യം നൽകി വരുന്നുണ്ട്. വലിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ട് കാരണം ലോഹെഡ് ടർബൈയിനുകൾ ഉപയോഗിച്ചുള്ള വൈദ്യുത ഉല്പാദനത്തിന് ഉപയോഗ്യമായ പദ്ധതികൾ കണ്ടു പിടിക്കുന്നതിനായി നദീതട സർവ്വേകൾ 3 ജില്ലകളിൽ നടത്തി വരുന്നു. ഇതിനുശേഷം പദ്ധതികൾ എളുപ്പം ചെയ്തു തീർക്കാവുന്ന |

| | | | |
|---|---|---|---|
| | | | രീതിയിൽ ഒരു ലിസ്റ്റ് തയ്യാറാക്കി ഇതിൽ നിന്നുള്ള പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |
| (സി) | കാശ്മീർ പോലെയുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വൻകിട ജല വൈദ്യുത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ പാരിസ്ഥിതിക അനുമതി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ, നില വിൽ അനുമതി നിഷേധിക്കപ്പെട്ട പദ്ധതികൾ പുന:സമർപ്പണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട്. നേരത്തെ അനുമതി ലഭിച്ചിട്ടില്ലാത്ത പദ്ധതികൾ പുതുക്കിയ DPR തയ്യാറാകുന്ന മുറക്ക അനുമതിക്ക് സമർപ്പിക്കുന്നതിന് ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ? | (ഡി) | സാധ്യമായത്ര ജലവൈദ്യുത പദ്ധതികൾ പരാമാവധി നടപ്പിലാക്കണമെന്നാണ് സർക്കാരിന്റെ ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച നിലപാട്. കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുക എന്ന നയത്തിന്റെ ഭാഗമായി 2012 ൽ ചെറുകിട ജലവൈദ്യുത പദ്ധതി നയം സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ